**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമം - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കളക്ടറേററുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(കൈ)നം.39/2009/പൊഭവ തിരുവനന്തപുരം, തീയതി:12.2.09.**

പരാമർശം:-1) 22.4.2008 ലെ ജി.ഒ (എം.എസ്) 137/2008/ജിഎഡി നമ്പർ സർക്കാർ ഉത്തരവ്.

2) 16.8.2008 ലെ സ.ഉ(കൈ) 278/2008/പൊഭവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിററിയുടെ ശുപാർശകൾ നടപ്പാക്കുന്നതിൻെറ ഭാഗമായി സെക്രട്ടേറിയററിൽ പൊതുഭരണ വകുപ്പിൻെറ കീഴിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സെൽ സംസ്ഥാനതല പ്രവർത്തനങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും നിർവ്വഹിക്കുന്നതാണെന്നും, ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കളക്ടറേററുകളിൽ ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ലാർക്ക് തസ്തിക വീതം പതിനാല് ജില്ലകളിലും സൃഷ്ടിക്കുന്നതാണെന്നും പരാമർശം രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

2. പാലൊളി മുഹമ്മദ് കുട്ടി കമ്മിററിയുടെ ശുപാർശകളനുസരിച്ച് ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 14 ജില്ലാ കളക്ടറേററുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ 5250-8390 രൂപ ശമ്പള സ്കെയിലിൽ ഓരോ ക്ലാർക്ക് തസ്തിക സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "2225-03-800-93" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

4. ടി ആവശ്യത്തിന് വേണ്ടി വരുന്ന തുക ചട്ടപ്രകാരം ആവശ്യപ്പെടുന്ന മുറയ്ക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ടി ശീർഷകത്തിൽ നിന്നും മാറി നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.പി.പ്രഭാകരൻ,**

**അഡീഷണൽ ചീഫ് സെക്രട്ടറി.**

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.

പകർപ്പ്:- റവന്യൂ വകുപ്പ് ( 9.2.09 -ലെ 8663/സി3/09/ആർ.ഡി.പ്രകാരം )
ധനകാര്യ വകുപ്പ് ( 7.2.09 -ലെ 9463/WW1/09/ധന പ്രകാരം)
മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**